I/1058/2023

LSGD/PD/3109/2023-VIGA3

പ്രിൻസിപ്പൽ ഡയറക്ടറേറ്റ്,
തദ്ദേശസ്വയംഭരണ വകുപ്പ്
സ്വരാജ് ഭവൻ, നന്തൻകോട്,
കവടിയാർ പി.ഒ തിരുവനന്തപുരം — 695003
ഫോൺ : 0471-2727255, 2314526
ഇ-മെയിൽ : pdlsgkerala@gmail.com
വെബ്സൈറ്റ്: www.principaldirectorate.lsgkerala.gov.in

തീയതി: 28-02-2023

## കാരണം കാണിക്കൽ നോട്ടീസ്

വിഷയം: തദ്ദേശസ്വയംഭരണ വകുപ്പ് - കൊല്ലം ജില്ല- മൈലം ഗ്രാമ പഞ്ചായത്ത് -സീനിയർ ക്ലർക് കായിരുന്ന ശ്രീ. ബിജുമോൻ സി. യ്ക്കെതിരെ അനധികൃത ഹാജരില്ലായ്മ-അച്ചടക്കനടപടി-ത ാൽക്കാലിക ശിക്ഷ നിശ്ചയിച്ച് കാരണം കാണിക്കൽ നോട്ടീസ് നൽകുന്നു.

സൂചന : 1) കൊല്ലം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 03.06.2021 തീയതിയിലെ ഡിഡിപി-കെ എൽഎം/84/2021/ഇ2 നമ്പർ കത്ത്

2) പഞ്ചായത്ത് ഡയറക്ടറുടെ 26.07.2021 തീയതിയിലെ 1960 ലെ KCS(CC&A) ചട്ടം 15 പ്രകാരമുള്ള PAN 6770-2021-D6(DP) നമ്പർ കുറ്റാരോപണ മെമ്മോ

3) കൊല്ലം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 31.03.2022 തീയതിയിലെ ഡിഡിപി-കെ എൽഎം/1796/2021/ഡി1 നമ്പർ കത്ത്

4) പഞ്ചായത്ത് ഡയറക്ടറുടെ 04.05.2022 ലെ ഇതേ നമ്പർ കത്ത്

5)കൊല്ലം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 29.06.2022 തീയതിയിലെ ഡിഡിപി-കെ എൽഎം/1796/2021/ഡി1 നമ്പർ കത്ത്

6) പഞ്ചായത്ത് ഡയറക്ടറുടെ 17.08.2022 തീയതിയിലെ PAN 6770-2021-D6(DP)നമ്പർ ഉത്തരവ്

7) കൊല്ലം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 17.12.2022 തീയതിയിലെ ഡിഡിപി-കെഎ ൽഎം/1796/2021/ഡി1 നമ്പർ അന്വേഷണ റിപ്പോർട്ട്

താങ്കൾ കൊല്ലം ജില്ലയിലെ മൈലം ഗ്രാമ പഞ്ചായത്തിൽ സീനിയർ ക്ലാർക്കായി സേവനമനുഷ്ഠി ച്ചു വരവേ 25.01.2016 മുതൽ 5 വർഷത്തേക്ക് ശൂന്യവേതനാവധിയിൽ പ്രവേശിക്കുകയും അവധി കാലാവധി അവസാനിച്ചതിന് ശേഷവും സേവനത്തിൽ പുന:പ്രവേശിക്കാതെ അനധികൃത ഹാജരില്ലായ്മയിൽ തുടരുന്നത് നാൽ താങ്കൾക്കെതിരെ അച്ചടക്കനടപടി സ്വീകരിക്കുന്നതിന് സൂചന (1) പ്രകാരം അറിയിച്ചിരുന്നു. ഇപ്രകാരം കേരള സർവീസ് ചട്ടങ്ങൾക്ക് വിരുദ്ധമായി അനധികൃത ഹാജരില്ലായ്മയിൽ തുടർന്നത് താങ്കളുടെ ഭാഗത്തുന് ന്നുള്ള ഗുരുതരമായ വീഴ്ചയാണെന്ന് കണ്ട് 1960 ലെ KCS(CC&A) ചട്ടങ്ങളിലെ ചട്ടം 15 അനുസരിച്ച് അച്ചടക്ക



Generated from eOffice by Aparna S, VIGA3-PD LSGD, VIGA3 PD LSGD, PD LSGD on 17/10/2023 10:30 AM

I/1058/2023

നടപടി ആരംഭിക്കുകയും താങ്കൾക്കെതിരെ കുറ്റാരോപണ മെമ്മോയും കുറ്റാരോപണ പത്രികയും സൂചന (2) പ്രകാരം പുറപ്പെടുവിക്കുകയും ചെയ്തു. പ്രസ്തുത കുറ്റാരോപണ മെമ്മോയിൽ താങ്കൾക്കെതിരായി താഴെപ്പറയുന്ന ആരോപണങ്ങൾ ഉൾക്കൊള്ളിച്ചിരുന്നു.

"താങ്കൾ മൈലം ഗ്രാമപ്പഞ്ചായത്തിൽ സീനിയർ ക്ലാർക്കായി സേവനമനുഷ്ഠിച്ചു വരവേ 25.01.2016 മുതൽ അഞ്ച് വർഷത്തേക്ക് ശൂന്യവേതനാവധിയിൽ പ്രവേശിക്കുകയും തുടർന്ന് അവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷയിൽ അംഗീകാരം ലഭിക്കാതെ അനധികൃതമായി അവധിയിൽ തുടർന്ന് ഓഫീസിൽ ഹാജരാകാതെ ഔദ്യോഗിക കൃത്യനിർവ്വഹണത്തിൽ നിന്നും വിട്ടു നിന്നത് താങ്കളുടെ ഭാഗത്തുനിന്നുള്ള അതീവ ഗുരുതരമായ വീഴ്ചയുമാണ്. ഇപ്രകാരം അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരുന്നതിലൂടെ ഗുരുതരമായ അച്ചടക്കലംഘനത്തിനും, വീഴ്ചയ്ക്കും, ചട്ടലംഘനത്തിനും താങ്കൾ ഉത്തരവാദിയാകയാൽ പ്രസ്തുത കുറ്റപത്രം നൽകുന്നു."

കൊല്ലം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മേൽ കുറ്റാരോപണ മെമ്മോ താങ്കൾക്ക് രജിസ്റ്റേർഡ് തപാൽ മുഖേന അയച്ചത് "Addressee left and present address not known" എന്ന് രേഖപ്പെടുത്തി തിരികെ വന്നിട്ടുള്ളതാണെന്നും സൂചന (3) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. തുടർന്ന് പ്രാദേശിക അന്വേഷണം നടത്തി താങ്കളുടെ മേൽവിലാസം കണ്ടെത്തി കുറ്റാരോപണ മെമ്മോ താങ്കൾക്ക് ലഭ്യമാക്കുന്നതിനു ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് സൂചന (4) പ്രകാരം കൊല്ലം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറോട് നിർദ്ദേശിച്ചിരുന്നതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ നടത്തിയ അന്വേഷണത്തിൽ താങ്കൾ നിലവിൽ വിദേശത്താണ് എന്ന് ബോധ്യപ്പെട്ടിട്ടുള്ളതും താങ്കളുടെ വിദേശത്തെ മേൽവിലാസം ലഭ്യമല്ലാത്ത സാഹചര്യത്തിൽ താങ്കൾക്കെതിരെ പുറപ്പെടുവിച്ച കുറ്റാരോപണ മെമ്മോ നേരിട്ടോ തപാൽ മാർഗ്ഗമോ താങ്കൾക്കു നൽകാൻ സാധിച്ചിട്ടില്ല എന്നും സൂചന (5) പ്രകാരം കൊല്ലം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് സമർപ്പിച്ച സാഹചര്യത്തിൽ ടി വിഷയത്തിൽ ചട്ടം അനുശാസിക്കും പ്രകാരമുള്ള ഔപചാരിക അന്വേഷണം നടത്തേണ്ടത് അനിവാര്യമാണെന്ന് കണ്ട് ഔപചാരിക അന്വേഷണ ഉദ്യോഗസ്ഥനായി കൊല്ലം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ശ്രീ. എ. ജോസഫ് സെബാസ്റ്റ്യനെ ചുമതലപ്പെടുത്തി സൂചന (6) പ്രകാരം ഉത്തരവായി.

കൊല്ലം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ സൂചന (7) പ്രകാരം സമർപ്പിച്ച അന്വേഷണ റിപ്പോർട്ടിൽ, താങ്കൾക്ക് നൽകിയ കുറ്റാരോപണ മെമ്മോ, ലഭ്യമായ മേൽവിലാസത്തിൽ അയച്ചു നൽകിയെങ്കിലും താങ്കൾ കൈപ്പറ്റുകയോ എതിർവാദ പത്രിക സമർപ്പിക്കുകയോ ചെയ്തിട്ടില്ലെന്നും, ഔപചാരിക അന്വേഷണത്തിന്റെ ഭാഗമായി താങ്കളെ നേർ വിചാരണ നടത്തുന്നതിനുള്ള നോട്ടീസ്" Addressee left India"എന്ന് രേഖപ്പെടുത്തി തിരികെ വന്നിട്ടുള്ളതാണ് എന്നും, കേരള സർവീസ് ചട്ടങ്ങൾ ഭാഗം 1 അനുബന്ധം 12 എയിലെ ചട്ടം 6 പ്രകാരം അവധി അവസാനിച്ചിട്ടും സേവനത്തിൽ തിരികെ പ്രവേശിക്കാതെ അനധികൃതമായി വിട്ടു നിൽക്കുന്നത് സേവനത്തിൽ നിന്നും നീക്കം ചെയ്യാൻ തക്കമുള്ള കുറ്റമാണെന്നും ആയതിനാൽ കേരളത്തിലെ സർക്കാർ ജീവനക്കാരുടെ ശിക്ഷണ നടപടികളെ സംബന്ധിച്ച മാന്വലിലെ ഖണ്ഡിക 53(4) പ്രകാരമുള്ള നടപടി സ്വീകരിക്കാവുന്നതാണെന്നും അഭിപ്രായം രേഖപ്പെടുത്തി സമർപ്പിച്ചു.

മേൽ സാഹചര്യത്തിൽ, വസ്തുതകളും, ബന്ധപ്പെട്ട രേഖകളും, കൊല്ലം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ അന്വേഷണ റിപ്പോർട്ടുകളും, ഔപചാരിക അന്വേഷണ റിപ്പോർട്ടിലെ അഭിപ്രായവും പരിശോധിച്ചതിൽ 25.01.2016 മുതൽ അഞ്ച് വർഷത്തേയ്ക്ക് ശൂന്യവേതനാവധിയിൽ പ്രവേശിക്കുകയും തുടർന്ന് അവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷയിൽ അംഗീകാരം ലഭിക്കാതെ അനധികൃതമായി അവധിയിൽ തുടർന്ന് ഓഫീസിൽ ഹാജരാകാതെ അനധികൃത ഹാജരില്ലായ്മയിൽ തുടർന്നതിലൂടെ താങ്കൾ ഗുരുതരമായ അച്ചടക്കലംഘനത്തിനും സർവീസ് ചട്ടങ്ങളോടുള്ള അനാദരവിനും ഉത്തരവാദിയാണെന്ന് കാണുന്നു. കേരള സർവീസ് ചട്ടം ഭാഗം 1 അനുബന്ധം XII A യിലെ ഖണ്ഡിക 9 പ്രകാരവും 1960 ലെ കേരള സിവിൽ സർവ്വീസുകൾ (തരം തിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങൾ പ്രകാരവും, മാന്വൽ ഓഫ് ഡിസിപ്ലിനറി പ്രോസീഡ്യർ ഖണ്ഡിക 53 പ്രകാരം അവധി അനുവദിക്കാതെ അനധികൃതമായി സേവനത്തിൽ നിന്ന് വിട്ടുനിന്ന താങ്കളെ സേവനത്തിൽ നിന്ന് നീക്കം ചെയ്യുന്നതിന് താൽക്കാലികമായി തീരുമാനിച്ചിരിക്കുന്നു. പ്രസ്തുത താൽക്കാലിക തീരുമാനം സ്ഥിരപ്പെടുത്തി ഉത്തരവാകാതിരിക്കാൻ കാരണം എന്തെങ്കിലും ബോധിപ്പിക്കാനുണ്ടെങ്കിൽ ആയതു ഈ നോട്ടീസ് കൈപ്പറ്റി 15 ദിവസത്തിനകം രേഖാമൂലം ഈ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. അല്ലാത്തപക്ഷം താങ്ക



Generated from eOffice by Aparna S, VIGA3-PD LSGD, VIGA3 PD LSGD, PD LSGD on 17/10/2023 10:30 AM

I/1058/2023

ൾക്ക് ഇക്കാര്യത്തിൽ യാതൊന്നും ബോധിപ്പിക്കാനില്ലെന്ന നിഗമനത്തിൽ നിർദ്ദിഷ്ട താൽക്കാലിക തീരുമാനം സ്ഥിരപ്പെടുത്തി ഉത്തരവാകുന്നതാണ്.

M.G. RAJAMANICKAM IAS
PRINCIPAL DIRECTOR

ശ്രീ ബിജുമോൻ സി
മുൻ സീനിയർ ക്ലാർക്ക്
മൈലം ഗ്രാമ പഞ്ചായത്ത്
(കൊല്ലം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മുഖേന)

പകർപ്പ്:

1) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,കൊല്ലം(കാരണംകാണിക്കൽ നോട്ടീസിന്റെ രണ്ടു പകർപ്പുകൾ ഇതോട ൊപ്പം അയയ്ക്കുന്നു.അസ്സൽ ശ്രീ ബിജുമോൻ സി യ്ക്ക് നൽകി പകർപ്പിൽ ടിയാന്റെ ഒപ്പും തീയതിയും പേരും രേ ഖപ്പെടുത്തി സമയബന്ധിതമായി തിരികെ സമർപ്പിക്കേണ്ടതാണ് )

2) സെക്രട്ടറി, മൈലം ഗ്രാമ പഞ്ചായത്ത്

കരുതൽ ഫയൽ / ഓഫീസ് കോപ്പി



Generated from eOffice by Aparna S, VIGA3-PD LSGD, VIGA3 PD LSGD, PD LSGD on 17/10/2023 10:30 AM